# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2297
05-11-2019-ലെ മറുപടിയ്ക്ക്

### പ്രളയധനസഹായം

| ചോദ്യം<br>ശ്രീ.ടി. എ അഹമ്മദ് കബീർ | മറുപടി<br>ഡോ. ടി. എം തോമസ് ഐസക്ക്<br>ധനം-കയർ വകുപ്പ് മന്ത്രി |
|---|---|
| എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ ഭാഗമായി സ്വീകരിച്ച ധനസഹായം എത്ര രൂപയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | പ്രളയുവുമായി ബന്ധപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 28.10.2019 വരെ 4656.86 കോടി രൂപ സ്വരൂപിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്;<br><br>പൊതുജനങ്ങൾ, സ്ഥാപനങ്ങൾ-സംഘടനകൾ, പൊതുമേഖല- ഗ്രാൻറ്ഇൻഎയ്ഡ്-സ്വയംഭരണ സ്ഥാപനങ്ങൾ മുതലായവയിൽ നിന്ന് - 3002.13 കോടി രൂപ<br><br>ജീവനക്കാരുടെ ഉൽസവബത്ത ഇനത്തിൽ-- 117.69 കോടി രൂപ<br><br>സ്പാർക്ക് മുഖേന ശംബളം കൈപ്പറ്റുന്ന ജീവനക്കാരിൽ നിന്നും സാലറി ചലഞ്ച് മുഖേന - 1216.29 കോടി രൂപ<br><br>പെൻഷൻകാരിൽ നിന്ന് സാലറി ചലഞ്ച് മുഖേന – 12.07 കോടി രൂപ<br><br>അധിക ടാക്സ് മദ്യ വില്പനയിൽ ഏർപ്പെടുത്തിയ വകയിൽ - 308.68 കോടി രൂപ |

| | |
|---|---|
| ബി) ഇതിൽ പ്രധാനമായും സർക്കാർ ജീവനക്കാരിൽനിന്നും പിരിച്ചെടുത്ത സാലറി ചാലഞ്ച് തുക, ജനപ്രതിനിധികളിൽനിന്നും സംഭരിച്ച തുക, സ്പോൺസർഷിപ്പ് മുഖേന ലഭിച്ച തുക, സന്നദ്ധ സംഘടനകൾ, വ്യക്തികൾ മറ്റ് ഇതര മാർഗ്ഗങ്ങൾ എന്നിങ്ങനെ ഓരോ ഇനത്തിലും ലഭിച്ച തുക എത്രയാണ്; | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പ്രളയവുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നു സ്പാർക്ക് മുഖേന 28.10.2019 വരെ 1216.29 കോടി രൂപ ലഭ്യമായിട്ടുണ്ട്. പൊതുമേഖല-സ്ഥാപനങ്ങൾ-സംഘടനകൾ, ഗ്രാൻറ്ഇൻഎയ്ഡ്- സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ സാലറിചലഞ്ച് മുഖേനയുള്ള തുക ബാങ്ക് അക്കൗണ്ടുകളിലും, ട്രഷറി അക്കൗണ്ടിലുമാണ് നിക്ഷേപിക്കുന്നത്. ഇവയുടെ വിശദാംശങ്ങൾ പ്രത്യേകമായി ലഭ്യമല്ല. ജനപ്രതിനിധികളിൽ നിന്ന് 1,37,75,523/-,(ഒരു കോടി മുപ്പത്തി ഏഴ് ലക്ഷത്തി എഴുപത്തി അയ്യായിരത്തി അഞ്ഞൂറ്റി ഇരുപത്തിമൂന്ന് രൂപ) സ്വരൂപിച്ചിട്ടുണ്ട്. സ്പോൺസർഷിപ്പ് മുഖേന മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് തുകകൾ ലഭ്യമായിട്ടില്ല. സന്നദ്ധ സംഘനകൾ - വ്യക്തികൾ, മറ്റിതര മാർഗ്ഗങ്ങൾ എന്നിവയിൽ നിന്നുള്ള സംഭാവനകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയ്ക്ക് വേണ്ടി ആരംഭിച്ച പതിനെട്ട് ബാങ്ക് അക്കൗണ്ടുകളിലും, ട്രഷറി അക്കൗണ്ടുകളിലുമാണ് നിക്ഷേപിയ്ക്കുന്നത്. ഇവയുടെ വിശദാംശങ്ങൾ പ്രത്യേകമായി ലഭ്യമല്ല. |
| സി) ഇത്തരത്തിൽ ലഭിച്ച തുക ഏത് അക്കൗണ്ടിലാണ് നക്ഷേപിച്ചിട്ടുള്ളത്; | ജീവനക്കാരിൽനിന്നുള്ള ഉൽസവബത്ത, സാലറിചലഞ്ച്എന്നിവമുഖേന ലഭ്യമായ തുക തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ആരംഭിച്ച സ്പഷ്യൽ ട്രഷറി സേവിംങ്സ് അക്കൗണ്ടായ 799011400004798- ലും പൊതുജനങ്ങളിൽ നിന്നും മറ്റ് സ്ഥാപനങ്ങൾ സംഘനകൾ എന്നിവയിൽ നിന്നുമുള്ള സംഭാവന തുകകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയ്ക്ക വേണ്ടി ആരംഭിച്ച പതിനെട്ട് ബാങ്ക് അക്കൗണ്ടുകളിലും പ്രധാന ട്രഷറി പബ്ളിക്ക് അക്കൗണ്ടായ 70101020000080-ലുമാണ് സ്വരൂപിക്കുന്നത്. |
| ഡി) ലഭിച്ച തുകയിൽ നിന്നും നാളിതുവരെ എത്ര രൂപ ചെലവഴിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | പ്രളയവുമായി ബന്ധപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നു ധനസഹായമായി 29.10.2019 വരെ 2476.46 കോടി രൂപ അനുവദിച്ചിട്ടുണ്ട്.വിശദ വിവരങ്ങൾ താഴെ പറയും |

| | |
|---|---|
| | പ്രകാരമാണ്;<br><br>ആശ്വാസ ധനസഹായം - 457.58 കോടി രൂപ<br><br>വീടും സ്ഥലവും നാശനഷ്ടം - 1834.92 കോടി രൂപ<br><br>ചികിത്സാ ധനസഹായം - 12.30 ലക്ഷം രൂപ<br><br>കെയർ ഹോം പദ്ധതിക്കായ് സഹകരണ വകുപ്പിന് നൽകിയത് - 52.69 കോടി രൂപ<br><br>കാർഷകർക്കു നൽകിയത്— 54 കോടി രൂപ<br><br>ഉപജീവന കിറ്റ് വിതരണത്തിനായ് സിവിൽ സപ്ലയീസ് കോർപ്പറേഷനു നൽകിയത് —54.46 കോടി രൂപ<br><br>പട്ടിക ജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേശനു നൽകിയത് - 1.91 ലക്ഷം രൂപ<br><br>മരണപ്പെട്ടവരുടെ ആശ്രിതർക്ക് - 29 ലക്ഷം രൂപ<br><br>ഭൂമി നഷ്ടപ്പെട്ടവർക്ക് - 62.34 ലക്ഷം രൂപ<br><br>വീട് നിർമ്മാണ സ്ഥല സജ്ജീകരണത്തിനായി - 25.82 ലക്ഷം രൂപ<br><br>പെൻഡിംങ് അപ്പീലുകൾ പരിഹരിക്കുന്നതിന് എഞ്ചിനിയർമാർക്ക് നൽകിയത് - 12.18 ലക്ഷം രൂപ<br><br>അധിക റേഷൻ വിതരണം നൽകിയ ഇനത്തിൽ കേരള സിവിൽ സപ്ലൈ കോർപ്പറേഷന് നൽകിയത് - 9.4 കോടി രൂപ<br><br>സാമൂഹ്യമായി പിന്നാക്കം നിൽക്കുന്നവർക്കായിട്ടുള്ള പ്രത്യുത്ഥാനം പദ്ധതി മുഖേന നൽകിയത്- 10 കോടി രൂപ<br><br>പാഠപുസ്തകങ്ങൾ അച്ചടിച്ച് കൊടുത്ത വകയിൽ, സി-ആപ്റ്റിന് നൽകിയത് - 47.46 ലക്ഷം രൂപ |

| | |
|---|---|
| | ചെറുകിട സംരഭകർക്കുള്ള ഉജ്ജീവന വായ്പാ പദ്ധതി പ്രകാരം നൽകിയത് - 1.50 കോടി രൂപ |

**സെക്ഷൻ ഓഫീസർ**